**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 141** **01-02-2023 - ൽ മറുപടിയ്ക്ക്**

**ലിതാരയുടെ കുടുംബത്തിനുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ബീഹാറിൽ റെയിൽവേ വിഭാഗത്തിൽ ജോലി ചെയ്യവേ വട്ടോളി സ്വദേശിയായ ലിതാര മരിച്ച സംഭവത്തിൽ അന്വേഷണം ഏതു ഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ; | (എ) | ഇന്ത്യൻ റെയിൽവേയിൽ ജോലി ചെയ്തു വന്നിരുന്ന ബാസ്കറ്റ്ബോൾ താരമായ ലിതാര എന്ന പെൺകുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് കേരളാ പോലീസ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ടിയാളുടെ മരണവുമായി ബന്ധപ്പെട്ട് ശ്രീ. ബിനീഷ് എരട്ടേൻചാൽ, നരിപ്പറ്റ എന്നയാളുടെ പരാതി മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ മുഖാന്തിരം ലഭിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ കുറ്റ്യാടി പോലീസ് ഇൻസ്പെക്ടർ നടത്തിയ അന്വേഷണത്തിൽ ലിതാരയുടെ മരണത്തിൽ ബാസ്കറ്റ്ബോൾ കോച്ചായ രവി സിംഗ് എന്നയാൾക്ക് പങ്കുള്ളതായി സംശയിക്കപ്പെടുന്നതായും മരണപ്പെട്ട ലിതാരയുടെ മൃതദേഹം പാറ്റ്നയിലുള്ള ഇന്ദിരാഗാന്ധി ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ വെച്ച് പോസ്റ്റമോർട്ടം നടത്തി തുടർന്ന് മൃതദേഹം 28.04.2022_ൽ കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിലെ നരിപ്പറ്റയിലുള്ള വീട്ടുവളപ്പിൽ സംസ്കരിച്ചതായി അറിവായിട്ടുണ്ട്. മേൽകാര്യത്തിന് ബീഹാറിലെ പാറ്റ്ന രാജീവ് നഗർ പോലീസ് സ്റ്റേഷനിൽ Cr.No. . 185/22 U/s 306 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ടെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന ലിതാരയുടെ കുടുംബത്തിന് ധനസഹായം നൽകുന്ന വിഷയം പരിഗണനയിൽ ഉണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ? | (ബി) | നിലവിൽ അത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ